

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 17. ഭഗവദ്ഗീത

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം

17 ഭഗവദ്ഗീത . . . . . . . . . . . . . . . . . . . . . . . . . . . . 1
1 ഗീതയുടെ പശ്ചാത്തലം . . . . . . . . 2
2 കർമ്മോന്മുഖമായ ആത്മീയവാദം . . 3
3 സാംഖ്യത്തിന്റെ സ്വാധീനം . . . . . . 4
4 വൈരുദ്ധ്യങ്ങളുടെ സമന്വയം . . . . . 5
5 വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ . . . 6
6 പുരോഗമനവാദികളുടെ ആയുധം . . . 7

# 17

## ഭഗവദ്ഗീത

ഇന്ത്യയിലെ പ്രാചീനദർശന ഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റ വുമധികം ജനപ്രീതി നേടിയതും ഇന്നും ജനങ്ങളെ സ്വാ ധീനിച്ചു കൊണ്ടിരിക്കുന്നതുമായ ഒന്നാണ് ഭഗവദ്ഗീത. പതിനെട്ട് അദ്ധ്യായങ്ങളിലായി എഴുന്നൂറോളം ശ്ലോക ങ്ങൾ മാത്രമടങ്ങിയിട്ടുള്ള കാവ്യാത്മകമായ ഈ കൊ ച്ചുഗ്രന്ഥത്തിന് ഉണ്ടായിട്ടുള്ള അത്രയധികം വ്യാഖ്യാന ങ്ങൾ മറ്റൊരു ഗ്രന്ഥത്തിനും ഉണ്ടായിട്ടുണ്ടെന്നു തോന്നു ന്നില്ല. ഇന്നും അതിന്റെ പ്രചാരത്തിനു പറയത്തക്ക കുറ വൊന്നുമില്ല.

## 1 ഗീതയുടെ പശ്ചാത്തലം

ഭഗവദ്ഗീത ഒരു സ്വതന്ത്രദാർശനിക ഗ്രന്ഥമായിട്ടാണ് കരുതപ്പെട്ടു പോന്നിട്ടുള്ളത്. എങ്കിലും, അത് മഹാഭാരതത്തിന്റെ ഒരു ഭാഗമാണ്. മഹാഭാരതം ഇന്നു കാണുന്ന രൂപത്തിൽ ചിട്ടപ്പെടുത്തപ്പെട്ടത് ക്രി. മു. മൂന്നാം നൂറ്റാണ്ടിനും എ.ഡി. രണ്ടാം നൂറ്റാണ്ടിനും ഇടയിലായിരിക്കണമെന്ന് പണ്ഡിതന്മാർ കരുതുന്നു. പിന്നീടും ചില മാറ്റങ്ങളും പാഠഭേദങ്ങളും കൂട്ടിച്ചേർക്കലുകളും ഉണ്ടായിട്ടുണ്ടാകാം. എന്നാൽ, അതിന്റെ ഉറവിടം കണ്ടുപിടിക്കണമെങ്കിൽ ഏഴോ എട്ടോ നൂറ്റാണ്ടുകളെങ്കിലും പിന്നോട്ടു തിരിഞ്ഞു നോക്കേണ്ടിവരും. രക്തബന്ധാടിസ്ഥാനത്തിലുള്ള പ്രാചീനാര്യന്മാരുടെ കുലഗോത്രവ്യവസ്ഥ പ്രവൃത്തിവിഭജനത്തിന്റെയും വർഗ്ഗവ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിലുള്ള വർണ്ണാശ്രമവ്യവസ്ഥയ്ക്കും അതിന്റെ അടിത്തറയുറപ്പിക്കാൻ സഹായിച്ച രാജകീയവാഴ്ചയ്ക്കും വഴിമാറിക്കൊടുത്തു തുടങ്ങിയ ഒരു കാലഘട്ടത്തിലാണ് മഹാഭാരതത്തിന്റെ വേരുകൾ കിടക്കുന്നത്. ഇതു തെളിയിക്കാൻ സഹായിക്കുന്ന പല ഭാഗങ്ങളും ഭാരതത്തിൽ തന്നെ കാണാം. ഗീതയിലെ ദാർശനികാശയങ്ങളുടെ പശ്ചാത്തലം തന്നെ അതിനുള്ള ഒരു തെളിവാണ്.

കുരുക്ഷേത്രയുദ്ധമാണ് ഗീതയുടെ പശ്ചാത്തലം. രക്തബന്ധമുള്ളവരാണെങ്കിലും തന്റെ ശത്രുക്കളായിത്തീർന്ന കൗരവന്മാരെ കൊല്ലേണ്ടിവരിക എന്ന കടമയെ നേരിടേണ്ടി വന്നപ്പോൾ അർജ്ജുനൻ ധർമ്മസങ്കടത്തിലായി. സ്വന്തം കുലത്തിൽ പെട്ടവരെ കൊല്ലുന്നതു പാപമാണെന്നും അതുകൊണ്ട് താൻ യുദ്ധം ചെയ്യാൻ ഇഷ്ടപ്പെടുന്നില്ലെന്നും പറഞ്ഞ അർജ്ജുനന് ശ്രീകൃഷ്ണൻ നൽകുന്ന ധർമ്മോപദേശമാണ് ഗീതയിലെ ഉള്ളടക്കം. ശത്രുക്കളെ നശിപ്പിക്കുകയെന്നത് ക്ഷത്രിയനായി പിറന്ന ഒരാളുടെ കടമയാണെന്നും അതുകൊണ്ട് കൗരവന്മാരെ കൊല്ലുന്നതിൽ യാതൊരു തെറ്റുമില്ലെന്നും ക്ഷത്രിയവർണ്ണത്തിൽ പെട്ടവരെ സംബന്ധിച്ചിടത്തോളം യുദ്ധത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതാണ് പാപമെന്നും മറ്റുമായിരുന്നു കൃഷ്ണന്റെ അഭിപ്രായം. ക്ഷത്രിയവർണ്ണത്തിൽ പെട്ടവർക്ക് അദ്ദേഹം ഉറപ്പിച്ചു പറയുന്നു. [1] സ്വന്തം വർണ്ണത്തിന്റെ ധർമ്മം പാലിക്കുന്നതിനിടയിൽ മരിക്കുന്നതുപോലും ഒരനുഗ്രഹമാണ്. സ്വധർമ്മം പാലിക്കുന്നതിനു പകരം മറ്റു വർണ്ണക്കാർക്കു വിധിക്കപ്പെട്ട കർമ്മങ്ങൾ ചെയ്യുന്നതോ ഭയാവഹവും. [2]

കുലധർമ്മം പാലിക്കണോ അതോ കുലധർമ്മം ലംഘിച്ചുകൊണ്ട് വർഗ്ഗധർമ്മം പാലിക്കണോ? ഇതായിരുന്നു അർജ്ജുനനുണ്ടായ മനസാക്ഷിക്കുത്തിന്റെ അടിസ്ഥാനം. കുലധർമ്മത്തെ വകവയ്ക്കാതെ സ്വധർമ്മം (സ്വന്തം വർഗ്ഗത്തിന്റെ ധർമ്മം) നിറവേറ്റേണ്ടതിന്റെ പ്രാധാന്യം ഊന്നിക്കാണിക്കാൻ വേണ്ടി പ്രാചീനേന്ത്യയിൽ നിലവിലുണ്ടായിരുന്ന വിവിധ ദർശനങ്ങളുടെ സാരാംശം വിവരിച്ചു കൊടുക്കുകയും അങ്ങനെ ഒടുവിൽ അർജ്ജുനനെ കർമ്മനിരതനാക്കി യുദ്ധത്തിലിറക്കുകയുമാണ് കൃഷ്ണൻ ചെയ്തത്.

പരമാത്മാവ് അല്ലെങ്കിൽ ഈശ്വരൻ, കർമ്മങ്ങൾക്കതീതനാണ്, കർമ്മരഹിതനാണ്. എങ്കിലും കർമ്മങ്ങളുടെ അടിസ്ഥാനത്തിലുള്ള വർണ്ണവിഭജനത്തെ പരിപാവനമാക്കാൻ അദ്ദേഹത്തിന്റെ സഹായം ആവശ്യമായിരുന്നു. “ചാതുർവർണ്യം (അതായത്, സമുദായത്തെ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ നാലു വർഗ്ഗങ്ങളാക്കി തിരിച്ചുകൊണ്ടുള്ള വിഭജനം) ഞാനാണുണ്ടാക്കിയത്; (നൈസർഗികമായ) ഗുണങ്ങൾക്കും കർമ്മങ്ങൾക്കും അനുസരിച്ചാണ് ഞാനിത്തരമൊരു വർണ്ണവിഭജനം നടത്തിയത്”. [3] എന്ന് ഈശ്വരനെ പ്രതിനിധീകരിച്ചുകൊണ്ട് ശ്രീകൃഷ്ണൻ അർജ്ജുനന് പറഞ്ഞുകൊടുക്കുന്നു.

ആരംഭത്തിൽ ഗുണകർമ്മങ്ങൾക്കനുസരിച്ച് വർണ്ണങ്ങൾ സൃഷ്ടിക്കപ്പെടുകയാണുണ്ടായത്. വർണ്ണങ്ങൾ സൃഷ്ടിക്കപ്പെട്ടതിനു ശേഷമാകട്ടെ, ഓരോ വർണ്ണത്തിനും ഇന്നിന്ന ഗുണകർമ്മങ്ങളുണ്ടായിരിക്കണമെന്ന നിബന്ധന നിലവിൽ വന്നു. വ്യത്യസ്തവർണ്ണങ്ങൾക്കു വ്യത്യസ്തധർമ്മങ്ങൾ വിധിക്കപ്പെട്ടു. ഉദാഹരണത്തിന്, ശൂദ്രന്റെ സ്വധർമ്മം ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ വർണ്ണങ്ങളെ പരിചരിക്കലാണ്. ക്ഷത്രിയന്റെ സ്വധർമ്മം യുദ്ധം ചെയ്യലും. അതുകൊണ്ട്, സ്വന്തം കുലത്തിൽ പെട്ടവരാണെങ്കിലും ശത്രുക്കളായിത്തീർന്ന കൗരവന്മാർക്കെതിരായിയുദ്ധം ചെയ്യുന്നതിൽ നിന്ന് അർജ്ജുനൻ ഒരിക്കലും പിന്മാറാൻ പാടില്ല. യുദ്ധം ചെയ്തേ മതിയാകൂ.

നേരത്തെ കണ്ടുകഴിഞ്ഞ പോലെ, വർഗ്ഗരഹിതമായ പ്രാകൃതകുലഗോത്ര സമുദായത്തിൽ നിന്നുള്ള പുരോഗതിയെയാണ് ചാതുർവർണ്യവ്യവസ്ഥ കുറിക്കുന്നത്. മനുഷ്യസമുദായത്തെ പ്രാകൃതത്വത്തിൽ നിന്ന് സംസ്കാരത്തിലേക്കു മുന്നോട്ടു നയിച്ച ചരിത്രപരമായ ഈ ആവശ്യകതയെ ദൈവത്തിന്റെ പേരിൽ വെച്ചുകെട്ടി മാതൃകയാക്കി കാണിക്കുകയെന്നതാണ് ഗീതാകർത്താവിന്റെ മുഖ്യമായ ഒരുദ്ദേശ്യം. ഒരുപക്ഷേ, ആ പ്രാചീന കാലഘട്ടത്തിൽ പരിപാവനതയുടെ പരിവേഷത്തോടുകൂടിയ ഇത്തരമൊരു അവകാശവാദം ആവശ്യമായിരുന്നിരിക്കാം. എന്തെന്നാൽ, വർഗ്ഗരഹിതമായ കുലഗോത്രവ്യവസ്ഥയിൽ നിന്ന് വർഗ്ഗസമുദായത്തിലേക്കുള്ള പരിവർത്തനത്തിലൂടെ വർണ്ണാശ്രമവ്യവസ്ഥ കെട്ടിപ്പടുത്തുറപ്പിക്കുക അത്ര എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല. തത്വശാസ്ത്രപരമായ രംഗത്തിലുൾപ്പെടെ അതിന് സുശക്തങ്ങളായ എതിർപ്പുകളെ നേരിടേണ്ടിവന്നു.

ഉപനിഷത്തുകളിൽ നിന്നുയർന്നുവന്ന കർമ്മോന്മുഖമായ ആവേശവും ബൗദ്ധികമായ ദാർശനിക ചിന്തകളും വ്യത്യസ്തങ്ങളായ ദർശനങ്ങൾക്ക് കളമൊരുക്കുക മാത്രമല്ല ചെയ്തത്. വർണ്ണവ്യവസ്ഥയുടെ ആവശ്യകതയെ ചോദ്യം ചെയ്യാനുള്ള ഉൾക്കരുത്ത് ജനങ്ങൾക്ക് നൽകുക കൂടി ചെയ്തു. അതിൻ ഫലമായി ബ്രാഹ്മണ മേധാവിത്വത്തെയും അതിനു പിൻബലം നൽകിയ ആത്മീയാശയങ്ങളെയും നിഷേധിക്കുന്ന വ്യത്യസ്തങ്ങളായ ചിന്താഗതികൾ പൊന്തിവന്നു. ജനങ്ങൾക്കിടയിൽ പടർന്നുപിടിക്കാൻ തുടങ്ങിയ അസംതൃപ്തിക്ക് വൈകാരികവും ദാർശനികവുമായ ഒരടിത്തറയുണ്ടെന്നു മനസ്സിലാക്കിയ ഭരണാധികാരിവർഗ്ഗം നിലവിലുള്ള സാമൂഹ്യവ്യവസ്ഥയെ ഉറപ്പിച്ചു നിലനിർത്താൻ വേണ്ടി മതത്തിന്റെയും ദർശനത്തിന്റെയും സഹായം തേടി. ഈശ്വരനിൽ അചഞ്ചലമായ ഭക്തി വേണമെന്നും വർണ്ണവ്യവസ്ഥയെ പിന്താങ്ങുന്നവരെ മാത്രമേ ദൈവം കടാക്ഷിക്കുകയുള്ളൂ എന്നും മറ്റുമുള്ള ഉള്ളു പൊള്ളയായ ഉപദേശങ്ങൾക്ക് പറയത്തക്ക പ്രയോജനമൊന്നുമുണ്ടായില്ല. അത്തരം ഉപദേശങ്ങൾക്ക് ദാർശനികമായ ഒരു ന്യായീകരണം ആവശ്യമായിത്തീർന്നു. ഈ സാഹചര്യത്തിലായിരിക്കണം ഭഗവദ്ഗീതയുടെ പ്രാധാന്യം വർദ്ധിച്ചത്. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ഒരീശ്വരനില്ലെന്നും മനുഷ്യനുണ്ടായത് ആണും പെണ്ണും തമ്മിൽ ഇണ ചേർന്നിട്ടാണെന്നും മറ്റും [4] വാദിച്ചുകൊണ്ട് യാഥാസ്ഥിതികത്വത്തെ ശുണ്ഠി പിടിപ്പിക്കുകയും കലിതുള്ളിക്കുകയും ചെയ്ത ഭൗതികവാദികളെ നേരിടലായിരുന്നു ഗീതയുടെ ഒരു പ്രധാനലക്ഷ്യം എന്നുവേണം കരുതാൻ. ഭണ്ഡാർക്കർ എഴുതുന്നു:

> “അക്കാലത്തുയർന്നുവന്ന മതങ്ങളധികവും നിരീശ്വരവാദപരമായിരുന്നു. ബുദ്ധിജീവികൾ ഈശ്വരവിശ്വാസവുമായി യാതൊരു ബന്ധവുമില്ലാത്ത വെറും ധാർമ്മികചർച്ചകളിലും സാന്മാർഗികോന്നതിയെക്കുറിച്ചുള്ള ചിന്തകളിലുമാണ് മുഴുകിയിരുന്നത്. ബുദ്ധമതത്തിലും മറ്റു ചില വ്യവസ്ഥകളിലും അതുപോലെതന്നെ വളരെയേറെ വിരസങ്ങളായ സാന്മാർഗികോപാഖ്യാനങ്ങൾ കൊണ്ടു നിറഞ്ഞ മഹാഭാരതത്തിലും ഇതു സ്പഷ്ടമായി കാണാം. ഇത്തരം പ്രവണതകളെ നേരിടാൻ ഭഗവദ്ഗീതയെപ്പോലുള്ള ഒരു ദാർശനികവ്യവസ്ഥ ആവശ്യമായിരുന്നു. ഉപനിഷത്തുകളിൽ ഈശ്വരവിശ്വാസവുമായി ബന്ധപ്പെട്ട ആശയങ്ങൾ ചിന്നിച്ചിതറിയാണ് കിടന്നിരുന്നത്. പ്രയോഗികോദ്ദേശ്യങ്ങൾക്ക് മനുഷ്യനെ ഉദ്ധരിക്കാനുതകുന്നതും അതേ സമയത്ത് തന്നെ ജനങ്ങൾക്ക് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നതുമായ ഒരു പുതിയ ദാർശനികവ്യവസ്ഥ അവയിൽ നിന്നു രൂപപ്പെടുത്തിയെടുക്കേണ്ടത് ആവശ്യമായിരുന്നു. ഈ സാഹചര്യങ്ങളിലാണ് ഗീത നിലവിൽ വന്നത് എന്നു തോന്നുന്നു”. [5]

---

1. ഭഗവദ്ഗീത, II. 31.
2. ടി. II. 33.
3. ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമവിഭാഗശഃ ടി. VI. 13.
4. അസത്യമപ്രതിഷ്ഠം തേ ജഗദാഹുരനീശ്വരം
   അപരസ്പരസംഭൂതം കിമന്യത് കാമഹൈതുകം ഭ. ഗീ. XVI. 8.
5. R. G. Bhandarkar: Vaishnuvism, Saivism and Minor Religious Sytems.

## 2 കർമ്മോന്മുഖമായ ആത്മീയവാദം

ഭഗവദ്ഗീതയിലെ ആത്മീയവാദം അശാസ്ത്രീയവും ഏറെക്കുറെ ഏകപക്ഷീയവുമാണ് എന്നു കാണാം. എന്നിരിക്കിലും, ലൗകികജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തെ അതു ന്യായീകരിക്കുന്നില്ല. അന്ധവിശ്വാസജഡിലങ്ങളായ അനാചാരങ്ങളെയോ കർമ്മത്തിൽ നിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് എല്ലാം സഹിച്ച് നിഷ്ക്രിയനായി വെറുതെയിരിക്കുക എന്ന പ്രവണതയെയോ അത് ഒരിടത്തും പിന്താങ്ങുന്നില്ല. ജീവിതപ്രശ്നങ്ങളെ സധൈര്യം നേരിടാൻ ഉൽബോധിപ്പിക്കുന്ന ഒരാത്മീയവാദമാണത്. കൃഷ്ണൻ അർജ്ജുനനോടു പറയുന്നു: "ലൗകികജീവിതത്തിൽ നിന്ന് അകന്നു നിന്നുകൊണ്ട് ഒരാൾക്കും പരിപൂർണ്ണനാകാൻ കഴിയില്ല". കർമ്മം ചെയ്യാതിരിക്കലല്ല, ആസക്തികളിൽ നിന്നു വിമുക്തമായ നിഷ്കാമകർമ്മമാണ് മനുഷ്യനെ ആനന്ദത്തിലേക്കു നയിക്കുന്നത്. "ബന്ധങ്ങളിൽ നിന്നു വിമുക്തനായി, അഹംഭാവമന്യേ, നിശ്ചയദാർഢ്യത്തോടും ചുറുചുറുക്കോടും കൂടി, വിജയമോ പരാജയമോ എന്തു സംഭവിച്ചാലും കൂസാതെ, കർമ്മം ചെയ്യുന്നവനാരോ അവനാണ് സാത്വികൻ — ഏറ്റവും ഉത്തമനായ പുരുഷൻ". [6]

നിഷ്കാമകർമ്മത്തെക്കുറിച്ചുള്ള ഈ സിദ്ധാന്തം സ്ഥാപിതതാൽപ്പര്യക്കാരായ ഭരണാധികാരിവർഗ്ഗക്കാർക്കും സമുദായത്തിലെ പുരോഗമനവാദികളായ വിഭാഗക്കാർക്കും, രണ്ടുകൂട്ടർക്കും, ഉപയോഗിക്കാൻ പറ്റിയ തരത്തിലാണ് വ്യാഖ്യാനിക്കപ്പെട്ടു പോന്നിട്ടുള്ളത്. ആദ്യത്തെ കൂട്ടർ നിലവിലുള്ള സാമൂഹ്യവ്യവസ്ഥയെ സംരക്ഷിക്കാൻ വേണ്ടിയും രണ്ടാമത്തെ കൂട്ടർ ഒരു പുതിയ സാമൂഹ്യവ്യവസ്ഥയ്ക്കു വേണ്ടിയുള്ള തങ്ങളുടെ സമരങ്ങൾക്ക് ഊർജ്ജസ്വലത കൂട്ടാൻ വേണ്ടിയും അതുപയോഗിച്ചു പോന്നിട്ടുണ്ട്.

കപടനാട്യം, അഹങ്കാരം, ക്രോധം, അടങ്ങാത്ത കാമം, ക്രൂരത, അജ്ഞത തുടങ്ങിയ ചീത്തത്തങ്ങളും ദുർഗ്ഗുണങ്ങളുമുള്ളവർ ദൈവത്തെ വെറുക്കുന്ന നരാധമന്മാരാണെന്നും [7] ആസുരങ്ങളായ ഇത്തരം ദുർഗ്ഗുണങ്ങളെ ഉന്മൂലനാശം ചെയ്ത് അഹിംസ, സത്യസന്ധത, സമചിത്തത തുടങ്ങിയ സാത്വികഗുണങ്ങളെ വളർത്തിയെടുക്കേണ്ടതാവശ്യമാണെന്നും കൃഷ്ണൻ അർജ്ജുനനെ ഉൽബോധിപ്പിക്കുന്നു. [8]

സമുദായത്തിന്റെ നീതിനിയമങ്ങൾ പാലിക്കുന്നതിനും സദാചാരനിലവാരം പുലർത്തുന്നതിനും ഇത്തരം സൽഗുണങ്ങൾ കൂടിയേ കഴിയൂ എന്നാണ് ഗീതയിൽ പറയുന്നത്. വർണ്ണവ്യവസ്ഥയെക്കുറിച്ചും ഭൗതികവാദത്തെക്കുറിച്ചുമുള്ള ഗീതയുടെ അഭിപ്രായങ്ങൾ എന്തുതന്നെയായാലും ശരി, സന്മാർഗിക ജീവിതത്തെക്കുറിച്ചുള്ള അതിലെ ആശയങ്ങൾ നമ്മുടെ ജനങ്ങളെ വളരെയേറെ ആകർഷിച്ചിട്ടുണ്ടെന്നും പലരുടെയും വ്യക്തിവൈശിഷ്ട്യം വളർത്താൻ അവ സഹായകരമായിട്ടുണ്ടെന്നും സമ്മതിച്ചേ തീരൂ. മഹാത്മാഗാന്ധി ഗീതയെക്കുറിച്ചുള്ള തന്റെ വ്യാഖ്യാനത്തിൽ ഒരു പൂർണ്ണകർമ്മയോഗി എങ്ങനെയിരിക്കുമെന്ന് വിശദീകരിക്കുന്നതു നോക്കുക:

> "ആരെക്കുറിച്ചും അസൂയയില്ലാത്തവൻ, ദയാമയൻ, നിസ്വാർത്ഥൻ, തണുപ്പിലും ചൂടിലും സന്തോഷത്തിലും ദുഃഖത്തിലും എല്ലാം സമചിത്തത പാലിക്കുന്നവൻ, ക്ഷമാശീലൻ, സദാ സംതൃപ്തൻ, നിശ്ചയദാർഢ്യമുള്ളവൻ, സ്വന്തം മനസ്സും ആത്മാവും ദൈവത്തിങ്കൽ സമർപ്പിച്ചവൻ, അന്യരിൽ ഭീതിയുളവാക്കാത്തവൻ, അന്യരെ ഭയപ്പെടാത്തവൻ, ആഹ്ലാദങ്ങളിൽ നിന്നും സുഖദുഃഖങ്ങളിൽ നിന്നും വിമുക്തൻ, പരിശുദ്ധൻ, കർമ്മത്തിൽ നിരതനെങ്കിലും ആസക്തനാകാത്തവൻ, നല്ലതായാലും ചീത്തയായാലും ഫലത്തെ കാംക്ഷിക്കാത്തവൻ, ശത്രുവിനോടും മിത്രത്തോടും ഒരുപോലെ പെരുമാറുന്നവൻ, ആദരവിലും അനാദരവിലും കുലുങ്ങാത്തവൻ, സ്തുതി കേട്ടാൽ ഗർവ്വു കയറാത്തവൻ, തനിക്കെതിരെ കുറ്റാരോപണം വരുമ്പോൾ നിർവീര്യനാകാത്തവൻ, നിശബ്ദതയും ഏകാന്തതയും ഇഷ്ടപ്പെടുന്നവൻ, അച്ചടക്കത്തോടുകൂടിയ യുക്തിബോധമുള്ളവൻ — ഇങ്ങനെയൊക്കെയായവനാരോ അവനാണ് ഭക്തൻ. ഇത്തരം ഭക്തിയോടൊപ്പം ഗഹനമായ ആസക്തിയുണ്ടാവുക സംഭാവ്യമല്ല".

---

6. മുക്തസംഗോഽനഹംവാദീ ധൃത്യുത്സാഹസമന്വിതഃ
   സിദ്ധ്യസിദ്ധ്യോർന്നിർവികാരഃ കർത്താ സാത്വിക ഉച്യതേ.
   — ഭ. ഗീ. XVIII. 26.
7. ഭ. ഗീ. XVI. 4. 18.
8. ടി XVI. 2. 3.

## 3 സാംഖ്യത്തിന്റെ സ്വാധീനം

ഗീത പുതുതായ ഏതെങ്കിലും സിദ്ധാന്തമോ സ്വന്തമായ ഏതെങ്കിലും ദർശനമോ ഉന്നയിക്കുന്നില്ല. നിലവിലുണ്ടായിരുന്ന വിഭിന്നങ്ങളും പരസ്പരവിരുദ്ധങ്ങളുമായ ആശയങ്ങളെ ഒരൊറ്റ ആത്മീയതത്വചിന്തയാക്കി സംയോജിപ്പിക്കാനും സമന്വയിക്കാനുമുള്ള ഒരു ശ്രമം മാത്രമാണ് അതിൽ നമ്മൾ കാണുന്നത്. വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളുമായ സമകാലീന ചിന്തകളുടെയെല്ലാം സ്വാധീനം അതിൽ ഉടനീളം കാണാം. അർജ്ജുനനെ നേരിട്ട ധർമ്മസങ്കടം തീർക്കാൻ വേണ്ടി വേദാന്തം, സാംഖ്യം, യോഗം തുടങ്ങിയ ദാർശനിക സിദ്ധാന്തങ്ങളെക്കുറിച്ചും ഭക്തി, ജ്ഞാനം, കർമ്മം എന്നീ മാർഗ്ഗങ്ങളെപ്പറ്റിയും കൃഷ്ണൻ വളരെ ലളിതമായ ഭാഷയിൽ പ്രതിപാദിച്ചുകൊടുക്കുന്നു. സാംഖ്യത്തിന് ഏറ്റവും പ്രമുഖമായ സ്ഥാനമാണ് നൽകപ്പെട്ടിട്ടുള്ളത്. ഭൃഗുവാണ് ഏറ്റവും മഹാനായ ഋഷി എന്നു ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തന്നെ കപിലനാണ് സിദ്ധന്മാരിൽ വെച്ച് സിദ്ധൻ എന്ന് ഗീത പ്രഖ്യാപിക്കുന്നു. കപിലന്റെ സാംഖ്യദർശനത്തെ വിശദീകരിച്ചുകൊണ്ട് "പ്രകൃതിയും പുരുഷനും രണ്ടും അനാദിയായി നിലനിൽക്കുന്നവയാണെന്നും ഗുണങ്ങളും പരിണാമവിശേഷങ്ങളുമെല്ലാം പ്രകൃതിയിൽ നിന്നുണ്ടായവയാണെന്നും മനസ്സിലാക്കണെ" [9] മെന്ന് അത് ഉൽബോധിപ്പിക്കുന്നു. സാംഖ്യദർശനമനുസരിച്ച് സത്വരജസ്തമോഗുണങ്ങൾ ചേർന്നതാണ് പ്രകൃതി. ഈ ഗുണങ്ങൾ പ്രകൃതിയിൽ നിന്ന് വേറിട്ട് സ്വതന്ത്രമായി നിലനിൽക്കുന്നവയല്ല. കാര്യകാരണ ബന്ധങ്ങളുടെ തുടക്കം പ്രകൃതിയിൽ നിന്നാണ്. "എല്ലാ കർമ്മങ്ങളും മൂലപ്രകൃതിയുടെ ഗുണങ്ങൾക്കനുസരിച്ചാണ് നടക്കുന്നത്, മൂഢൻ അഹങ്കാരം കാരണം താനാണ് കർമ്മം ചെയ്യുന്നവൻ എന്നു കരുതുന്നു". [10] എല്ലാ ജീവജാലങ്ങളും പ്രകൃതിക്കനുസരിച്ചു ജീവിക്കുന്നു. ബുദ്ധിമാൻ പോലും സ്വന്തം പ്രകൃതിക്കൊത്തു പെരുമാറുന്നു. [11] ശരീരത്തിൽ നിന്ന് ആത്മാവിനെയും ആത്മാവിൽ നിന്ന് ശരീരത്തെയും വേർതിരിച്ചറിയാൻ പഠിക്കേണ്ടതാവശ്യമാണ്. പ്രകൃതിയാണ് എല്ലാ കർമ്മങ്ങളുടെയും കർമ്മേന്ദ്രിയങ്ങളുടെയും അധിഷ്ഠാനം. [12] സത്വരജസ്തമോഗുണങ്ങൾ പ്രകൃതിയിൽ നിന്നുണ്ടായവയാണ്. "പ്രകൃതിയിൽ നിന്നുത്ഭവിച്ച ഈ ത്രിഗുണങ്ങളോടു കൂടിയല്ലാതെ, അവയിൽ നിന്നു സ്വതന്ത്രമായി, ഭൂമിയിലോ സ്വർഗ്ഗത്തിലോ ആകാശത്തിലോ മറ്റെവിടെയെങ്കിലുമോ യാതൊന്നും നിലനിൽക്കുന്നില്ല". [13] എല്ലാം പ്രകൃതിയിൽ നിന്നു പരിണമിച്ചുണ്ടായവയാണ്. പ്രകൃതിക്ക് രണ്ടു രൂപങ്ങളുണ്ട്: ജഡവും സചേതനവും. പൃഥ്വി, ജലം, അഗ്നി, ആകാശം, മനസ്സ്, ബുദ്ധി, അഹങ്കാരം — ഇവ ജഡസ്വരൂപങ്ങളാണ്. നേരെമറിച്ച്, ജീവൻ ചൈതന്യസ്വരൂപമാണ്. സമഗ്രരൂപത്തിലുള്ള ഈ പ്രകൃതിയുടെ പരിണാമത്തിൽ ഇരുപത്തിനാലു തത്വങ്ങളടങ്ങിയിരിക്കുന്നു. ആകാശം, വായു, അഗ്നി, ജലം, പൃഥ്വി എന്നീ പഞ്ചമഹാഭൂതങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, തന്മാത്രകൾ, മനസ്സ്, ഇച്ഛ, അനിച്ഛ, സുഖദുഃഖങ്ങൾ, ചേതന മുതലായവയെല്ലാം പ്രകൃതിയുടെ പരിണാമവിശേഷങ്ങളാണ്. ബുദ്ധിയും മനസ്സും ഇന്ദ്രിയങ്ങളും എല്ലാം ശരീരത്തിൽ നിന്നുണ്ടായവയാണ്. ഈ അർത്ഥത്തിൽ ഭൗതികപദാർത്ഥമാണ് ശരീരത്തിന്റെയും ഇന്ദ്രിയങ്ങളുടെയും മറ്റും മൂലകാരണമെന്നു പറയാം. പുരുഷൻ അല്ലെങ്കിൽ ആത്മാവ് സുഖദുഃഖങ്ങൾ അനുഭവിക്കുക മാത്രമാണ് ചെയ്യുന്നത്. പുരുഷൻ പ്രകൃതിയിൽ സ്ഥിതിചെയ്തുകൊണ്ടാണ് പ്രകൃതിയെയും ത്രിഗുണങ്ങളെയും അനുഭവിക്കുന്നത്. [14] ഇങ്ങനെ സചേതനങ്ങളും അചേതനങ്ങളുമായി എന്തെല്ലാമുണ്ടോ അവയെല്ലാം പ്രകൃതിയും പുരുഷനും തമ്മിലുള്ള സംയോഗത്തിൽ നിന്നാണുത്ഭവിക്കുന്നത്.

സാംഖ്യവും യോഗവും തമ്മിൽ വിശേഷിച്ചൊരു വ്യത്യാസവും ഗീത കാണുന്നില്ല. രണ്ടും കൂട്ടിച്ചേർത്തുകൊണ്ടാണ് പലേടത്തും വ്യാഖ്യാനിക്കുന്നത്. യോഗം ശരീരത്തെയും മനസ്സിനെയും നിയന്ത്രിച്ച് കീഴടക്കാനാവശ്യമായ സാധനകളെപ്പറ്റി ഊന്നിപ്പറയുന്നു എന്നതാണ് മുഖ്യമായ ഒരു വ്യത്യാസം. അപരിഗ്രഹത്തിലൂടെ എല്ലാ ആശകളെയും ആഗ്രഹങ്ങളെയും നിയന്ത്രിച്ചുകൊണ്ട് മനസ്സിനെ കീഴടക്കാൻ വേണ്ടി ഏകാന്തതയിലിരുന്നു ധ്യാനിക്കണമെന്ന് യോഗം ആവശ്യപ്പെടുന്നു. മനസ്സിനെയും പഞ്ചേന്ദ്രിയങ്ങളെയും നിയന്ത്രിച്ച് കീഴടക്കാനാവശ്യമായ സാധനകൾ ആത്മവിശുദ്ധിക്കത്യാവശ്യമാണ്. പ്രകൃതിയും പുരുഷനും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന സാംഖ്യത്തെയും ധ്യാനത്തിലൂടെ സ്ഥിരപ്രജ്ഞത നേടാനാവശ്യമായ യോഗത്തെയും ഒന്നായി കാണണമെന്ന് ഗീത പ്രത്യേകം എടുത്തുപറയുന്നുണ്ട്: "സാംഖ്യവും യോഗവും വ്യത്യസ്ത ചിന്താസരണികളാണെന്ന് അജ്ഞന്മാർ മാത്രമേ കരുതൂ. ജ്ഞാനികൾ അങ്ങനെ കരുതുകയില്ല. രണ്ടിലേതെങ്കിലും ഒന്നു സ്വീകരിക്കുന്നവൻ രണ്ടിന്റെയും ഫലമനുഭവിക്കും. സാംഖ്യവും യോഗവും ഒന്നാണെന്നു മനസ്സിലാക്കുന്നവൻ മാത്രമേ യാഥാർത്ഥ്യം ശരിക്കു മനസ്സിലാക്കുന്നുള്ളൂ".

ഗീതയിൽ സാംഖ്യത്തെക്കുറിച്ചും യോഗത്തെക്കുറിച്ചും ധാരാളമായി എടുത്തു പറയുന്നതിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗാർബേ ഇങ്ങനെ എഴുതുകയുണ്ടായി:

> "സംഖ്യത്തിലെയും യോഗത്തിലെയും സിദ്ധാന്തങ്ങളാണ് ഭഗവദ്ഗീതയിലെ ഏതാണ്ടു മുഴുവൻ ദാർശനികചിന്തകളുടെയും അടിസ്ഥാനം. അവയോടു താരതമ്യപ്പെടുത്തുമ്പോൾ വേദാന്തത്തിന് ഗീതയിൽ രണ്ടാം സ്ഥാനമേയുള്ളൂ. സാംഖ്യത്തെക്കുറിച്ചും യോഗത്തെക്കുറിച്ചും പലയിടത്തും പ്രതിപാദിക്കുന്നുണ്ട്. വേദാന്തത്തെക്കുറിച്ചാകട്ടെ, ഒരിടത്തു മാത്രമേ പറയുന്നുള്ളൂ. (XV. 15-ൽ) അതു തന്നെ ഉപനിഷത്തിലെ വചനങ്ങളെന്ന നിലയ്ക്കു മാത്രം. അതിനാൽ, പരമ്പരാഗതമായി നമുക്കു ലഭിച്ചിട്ടുള്ള ഗീതയിൽ തത്വശാസ്ത്രങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ചും അതോടൊപ്പം സാംഖ്യയോഗവും വേദാന്തവും തമ്മിലുള്ള പഴയതിനെയും പുതിയതിനെയും ശ്രദ്ധാപൂർവ്വം തരംതിരിച്ച് കൊണ്ടല്ലാതെ പരിഹരിക്കാനാകാത്ത, വൈരുദ്ധ്യങ്ങളെക്കുറിച്ചും പര്യാലോചിക്കുമ്പോൾ വേദാന്തത്തെപ്പറ്റി പറയുന്ന ഭാഗങ്ങൾ ഭഗവദ്ഗീതയിലെ മൂലത്തിൽ ഉണ്ടായിരുന്നവയല്ലെന്ന് തെളിയുന്നതാണ്. ഗീതയെ മതപരമായ അടിസ്ഥാനത്തിൽ പരിശോധിച്ചാലും തത്വശാസ്ത്രങ്ങളുടെ ഭാഗത്തു നിന്നു കൊണ്ടു പരിശോധിച്ചാലും ഒടുവിലെത്തിച്ചേരുന്ന നിഗമനം ഇതു തന്നെയായിരിക്കും".

---

9. പ്രകൃതിം പുരുഷം ചൈവ വിദ്ധ്യനാദി ഉഭാവപി
വികാരാംശ്ച ഗുണാംശ്ചൈവ വിദ്ധി പ്രകൃതിസംഭവാൻ
— ഭ. ഗീ. XIII. 19.
10. പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കർമാണി സർവശഃ
അഹംകാരവിമൂഢാത്മാ കർത്താഹമിതി മന്യതേ.
— ഭ. ഗീ. III. 27.
11. ഭ. ഗീ. III. 33.
12. ടി. XVIII. 14.
13. ന തദസ്തി പൃഥിവ്യാം വാ ദിവി ദേവേഷു വാ പുനഃ
സത്വം പ്രകൃതിജൈർമുക്തം യദേഭിഃ സ്യാത് ത്രിഭിർഗുണൈഃ
— ഭ. ഗീ. XVIII. 40.
14. പുരുഷഃ പ്രകൃതിസ്ഥോ ഹി ഭുങ്ക്തേ പ്രകൃതിജാൻ ഗുണാൻ.
— ഭ. ഗീ. XIII. 21.

## 4 വൈരുദ്ധ്യങ്ങളുടെ സമന്വയം

ഭഗവദ്ഗീത മുഖ്യമായും ഭൗതികവാദചിന്താഗതികൾക്കാണ് പ്രാധാന്യം നൽകുന്നത് എന്നൊന്നും ഇതിനർത്ഥമില്ല. നേരെമറിച്ചാണ് സ്ഥിതി. ഗീതയിൽ ഒന്നിലധികം സ്ഥലങ്ങളിൽ സാംഖ്യത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ടെന്നതു ശരിതന്നെ. സാംഖ്യസൂത്രങ്ങളുടെ കർത്താവായ കപിലന് ബഹുമാന്യമായ ഒരു സ്ഥാനം നൽകപ്പെട്ടിട്ടുണ്ടെന്നതും ശരിതന്നെ. പക്ഷേ, ഗീതാകർത്താവിന്റെ കയ്യിലെത്തിയപ്പോഴേക്കും സാംഖ്യദർശനം ആത്മീയവാദമായി മാറിക്കഴിഞ്ഞിരുന്നു. പ്രകൃതി അല്ലെങ്കിൽ ഭൗതികസത്ത അനാദിയും അനശ്വരവുമാണെന്നും എല്ലാം പ്രകൃതിയിൽ നിന്നാണ് പരിണമിച്ചുണ്ടായത് എന്നും ഒരിടത്തു സമ്മതിക്കുമ്പോൾ തന്നെ മറ്റൊരിടത്ത് എല്ലാറ്റിന്റെയും — അചേതനപ്രകൃതിയുടെയെന്നപോലെ സചേതനപ്രകൃതിയുടെയും — സൃഷ്ടികർത്താവ് ശ്രീകൃഷ്ണൻ അല്ലെങ്കിൽ പരമാത്മാവ് ആണെന്നും എല്ലാം ഒടുവിൽ പരമാത്മാവിൽ ചെന്നു ലയിക്കുമെന്നും പ്രഖ്യാപിക്കുന്നു. [15] "ലോകത്തിന്റെ കർതൃത്വത്തെയും കർമ്മങ്ങളെയും നിർണ്ണയിക്കുന്നത് ദൈവമല്ല; കർമ്മങ്ങളെ അവയുടെ ഫലങ്ങളുമായി യോജിപ്പിക്കുന്നതും ദൈവമല്ല. എല്ലാ പ്രവർത്തനങ്ങളും സ്വാഭാവികമായിട്ടാണ് നടക്കുന്നത്" [16] എന്ന് ഒരിടത്തുപറയുന്നു. അതേസമയത്ത് എല്ലാറ്റിനും പ്രചോദനം നൽകുന്നത് ദൈവമാണെന്നും പറയുന്നു. "എല്ലാത്തരത്തിലുമുള്ള കർമ്മങ്ങളുടെയും അടിസ്ഥാനം പ്രകൃതിയാണെന്നും താൻ (അല്ലെങ്കിൽ തന്റെ ആത്മാവ്) കർത്താവല്ലെന്നും കാണുന്നവനാണ് ശരിക്കു കാണുന്നവൻ [17] എന്നും ആത്മാവ് ഭൗതികമായ ശരീരത്തിൽ മാത്രമാണ് സ്ഥിതിചെയ്യുന്നതെന്നും സത്വരജസ്തമോ ഗുണങ്ങളുടെ സ്വാധീനത്താൽ അതു സംബന്ധിക്കപ്പെട്ടു കിടക്കുന്നു [18] എന്നും ഒരിടത്തു പ്രസ്താവിക്കുമ്പോൾ മറ്റൊരിടത്ത് ഭൗതികമായ യാതൊരു മാധ്യമത്തിന്റെയും സഹായം കൂടാതെ നിലനിൽക്കുന്ന ആത്മാവിനെപ്പറ്റിയുള്ള പ്രാകൃതവിശ്വാസത്തെ പുനരുദ്ധരിക്കുന്നു. പ്രകൃതിയും പുരുഷനും ഒരുപോലെ അനശ്വരങ്ങളും നിത്യങ്ങളുമാണ്. പക്ഷേ, പ്രകൃതിയുടെ പരിണാമവിശേഷങ്ങൾ അനിത്യങ്ങളാണ്. ഇന്ദ്രിയങ്ങളും ബാഹ്യവസ്തുക്കളും തമ്മിലുള്ള ബന്ധത്തിൽ നിന്നുണ്ടാകുന്ന ചൂട്, തണുപ്പ്, സുഖം, ദുഃഖം മുതലായവയും അനിത്യങ്ങളാണ്. [19] പക്ഷേ, ആത്മാവിനു മാറ്റമില്ല. പ്രകൃതിയുടെ സ്വാധീനങ്ങളും പ്രവർത്തനങ്ങളും അതിനെ ബാധിക്കുന്നില്ല. അത് അനശ്വരമാണ്. അതിന് ജനനവും മരണവുമില്ല. ആവിർഭവിച്ചതിനുശേഷം മാത്രം നിലനിൽക്കുന്ന ഒന്നല്ല അത്. എന്തെന്നാൽ, അതിന് ആവിർഭാവമില്ല. അത് അനാദിയാണ്, നിത്യമാണ്, അനശ്വരമാണ്. ശരീരം കൊല്ലപ്പെടുന്നു; പക്ഷേ, ആത്മാവ് കൊല്ലപ്പെടുകയില്ല. "ആയുധങ്ങൾക്ക് അതിനെ ഛേദിക്കാൻ കഴിയില്ല; അഗ്നിക്ക് അതിനെ കത്തിച്ചു കളയാനാവില്ല; വെള്ളത്തിന് അതിനെ നനയ്ക്കാനാവില്ല; കാറ്റിന് അതിനെ ഉണക്കാനും കഴിയില്ല". [20] ഇങ്ങനെയൊക്കെയുള്ള ആത്മാവ് ഭൗതികലോകവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നും ഗീത തന്നെ ചൂണ്ടിക്കാണിക്കുന്നു!

ഒരിടത്ത് ഗീത പറയുന്നു: "ആദിയിൽ എല്ലാ ജീവജാലങ്ങളും (പഞ്ചഭൂതങ്ങളും) അവ്യക്തമായിരുന്നു. നാശമടയുന്നതോടെ അവ വീണ്ടും അവ്യക്തമായിത്തീരുന്നു. ഇടയ്ക്കുള്ള ഘട്ടത്തിൽ മാത്രമാണ് അവ വ്യക്തമായിത്തീരുന്നത്. അതുകൊണ്ട് വ്യസനിക്കാനെന്തിരിക്കുന്നു?" [21]

ഗീതയിൽ വളരെയേറെ പ്രാധാന്യം നൽകപ്പെട്ടിട്ടുള്ള സാംഖ്യദർശനമനുസരിച്ച് സർവചരാചരങ്ങളുടെയും ഉറവിടമായ മൂലപ്രകൃതിക്കാണ് അവ്യക്തമെന്നു പറയുന്നത്. എല്ലാ ഭൗതികവസ്തുക്കളും എല്ലാ ജീവജാലങ്ങളും മൂലപ്രകൃതിയിൽ നിന്നുണ്ടായ പരിണാമവിശേഷങ്ങളാണ്. എന്നാൽ, മൂലപ്രകൃതിക്കു പുറമെ സ്വതന്ത്രമായി കർമ്മശേഷിയില്ലാത്ത പുരുഷനും അനാദിയായി നിലനിൽക്കുന്നുണ്ടെന്നു സാംഖ്യം സങ്കൽപ്പിക്കുന്നു. ഗീതയാകട്ടെ, ഒരിടത്ത് പരിണാമങ്ങൾക്കു വിധേയമാകാത്ത ആത്മാവിനെപ്പോലും അവ്യക്തത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. "ആത്മാവ് അവ്യക്തവും അചിന്ത്യവും പരിണാമങ്ങൾക്കു വിധേയമാകാത്തതുമാണ്" [22] എന്നാണതു പറയുന്നത്. പ്രകൃതിയും പുരുഷനും തമ്മിൽ — ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിൽ — ഉണ്ടായ സംയോഗത്തിന്റെ ഫലമായിട്ടാണ് സ്ഥാവരജംഗമങ്ങളായ സർവചരാചരങ്ങളും ആവിർഭവിച്ചത് എന്നും ഒരിടത്തു പറയുന്നു. [23] അതേസമയത്തുതന്നെ എല്ലാറ്റിന്റെയും ഉറവിടം ബ്രഹ്മമാണെന്നും പറയുന്നു. ജീവജാലങ്ങൾ വിവിധങ്ങളായ യോനികളിൽ നിന്നു ജനിക്കുന്നു. പക്ഷേ, എല്ലാ യോനികളിലും ബീജാവാപമുണ്ടാകുന്നത് ബ്രഹ്മത്തിൽ നിന്നാണ്. പ്രകൃതി മാതാവാണെങ്കിൽ ബ്രഹ്മമാണ് ബീജപ്രദനായ പിതാവ്. [24] ജംഗമസ്ഥാവരങ്ങളായ സർവചരാചരങ്ങളും യാതൊന്നിൽ നിന്നുണ്ടായോ അതിനെ സ്വന്തം കർമ്മങ്ങളിലൂടെ ഭജിക്കുന്നവന് പൂർണ്ണത നേടാൻ കഴിയും. [25]

---

15. ഏതദ്യോനീനി ഭൂതാനി സർവാണീത്യുപധാരയ
അഹം കൃത്സ്നസ്യ ജഗതഃ പ്രഭവഃ പ്രളയസ്ഥഥാ
— ഭ. ഗീ. VII. 6.
16. ന കർതൃത്വം ന കർമാണി ലോകസ്യ സൃജതി പ്രഭുഃ ന കർമ ഫലസംയോഗം സ്വഭാവസ്തു പ്രവർത്തതേ.
17. ഭ. ഗീ. V. 14.
18. ഭ. ഗീ. XIV. 5.
19. ഭ. ഗീ. II. 14.
20. ന ജായതേ മ്രിയതേ വാ കദാചിന്നായം ഭൂത്വാഭവിതാ വാ ന ഭൂയഃ
അജോ നിത്യഃ ശാശ്വതോങ്കയം പുരാണോ ന ഹന്യതേ ഹന്യമാനേ ശരീരേ
— ഭ. ഗീ II. 20.
നൈനം ഛിന്ദതി ശസ്ത്രാണി നൈനം ദഹതി പാവകഃ
ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ
— ഭ. ഗീ. II. 23.
21. അവ്യക്താദീനി ഭൂതാനി വ്യക്തമധ്യാനി ഭാരത
അവ്യക്തനിധനാന്യേവ തത്രാ കാ പരിദേവനാ
— ഭ. ഗീ. II. 28.
22. അവ്യക്തോയ മചിന്ത്യോയമവികാര്യോയ മുച്യതേ.
— ഭ. ഗീ. II 25.
23. ഭ. ഗീ. XIII. 26.
24. ഭ. ഗീ. XIV. 3, 4.
25. ഭ. ഗീ. XVIII 46.

# 5 വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ

ഇങ്ങനെ വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളുമായ നിരവധി ആശയങ്ങളെ കൂട്ടിയിണക്കാനാണ് ഗീതാകർത്താവ് ശ്രമിച്ചത്. അതുകൊണ്ടുതന്നെയാണ് വിവിധ കാലഘട്ടങ്ങളിൽ ജീവിച്ച ചിന്തകന്മാർക്ക് താന്താങ്ങളുടെ ചിന്താഗതികൾക്കും വിശ്വാസ പ്രമാണങ്ങൾക്കുമനുസരിച്ച് ഭഗവദ്ഗീതയെ വ്യാഖ്യാനിക്കാൻ കഴിഞ്ഞത്. അദ്വൈതവാദികളും വിശിഷ്ടാദ്വൈതവാദികളും ദ്വൈതവാദികളും യാതൊരുതരം വേദാന്തത്തിലും വിശ്വസിക്കാത്ത മറ്റു ദാർശനികരും എല്ലാം ഭഗവദ്ഗീതയുടെ വ്യാഖ്യാതാക്കളിലുൾപ്പെടുന്നു. എല്ലാവരും ഗീതയെ ഒരു പ്രമാണഗ്രന്ഥമായി അംഗീകരിച്ചു. എന്നിട്ട് താന്താങ്ങൾക്കിഷ്ടമുള്ള അർത്ഥങ്ങൾ അതിൽ കണ്ടെത്താൻ ശ്രമിച്ചു.

ഇങ്ങനെ വിവിധാഭിപ്രായങ്ങൾ വെച്ചുപുലർത്തുന്നവർ ഗീതയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നതിൽ ശ്രീകൃഷ്ണനു തന്നെ എതിർപ്പുണ്ടായിരുന്നില്ലെന്നു തോന്നുന്നു. തന്നെ ആർ എങ്ങനെ കാണാൻ ശ്രമിക്കുന്നുവോ അങ്ങനെ പ്രത്യക്ഷപ്പെടാൻ താൻ തയ്യാറാണെന്ന് അദ്ദേഹം തന്നെ പ്രഖ്യാപിക്കുകയുമുണ്ടായി നിർഗുണബ്രഹ്മമായി കാണാനാഗ്രഹിക്കുന്നവർക്ക് ശ്രീകൃഷ്ണൻ നിർഗുണബ്രഹ്മമാണ്. സഗുണബ്രഹ്മമായിട്ടാണ് കാണുന്നതെങ്കിൽ അങ്ങനെ. ജീവാത്മാക്കളുടെ അധിഷ്ഠാനമായ പരമാത്മാവാണെങ്കിൽ അങ്ങനെ. സർവജ്ഞനും സർവശക്തനും സർവാന്തര്യാമിയുമായ സർവേശ്വരനാണ് ശ്രീകൃഷ്ണൻ എന്നു വിശ്വസിക്കുന്നവർക്ക് അങ്ങനെയും വിശ്വസിക്കാം. തന്നെ ഭജിക്കുന്നതിനുപകരം മറ്റേതെങ്കിലും ശക്തിയെ ആരാധിക്കുന്നവരുണ്ടെങ്കിൽ അവരും യഥാർത്ഥത്തിൽ തന്നെയാണ് ഭജിക്കുന്നത് എന്നദ്ദേഹം പറയുന്നു. ഇങ്ങനെയെല്ലാമുള്ള ശ്രീകൃഷ്ണൻ വെറുമൊരു മനുഷ്യനായി അർജ്ജുനന്റെ തേരാളിയെന്ന നിലയ്ക്കു പ്രവർത്തിക്കുകയും ചെയ്യുന്നു.

ഈശ്വരസാക്ഷാൽക്കാരത്തിനോ മനുഷ്യന്റെ പരിപൂർണ്ണതയ്ക്കോ ആവശ്യമായ മാർഗ്ഗങ്ങളെ സംബന്ധിച്ചും കൃഷ്ണനു പിടിവാശിയൊന്നുമില്ല. ഏതു മാർഗ്ഗം വേണമെങ്കിലും സ്വീകരിക്കാം. പരമമായ ലക്ഷ്യം പ്രാപിക്കാൻ ജ്ഞാനമാർഗ്ഗവും കർമ്മമാർഗ്ഗവും ഭക്തിമാർഗ്ഗവും എല്ലാം ഫലപ്രദങ്ങളാണ്. ശങ്കരാചാര്യരെപ്പോലെയുള്ള ഗീതാവ്യാഖ്യാതാക്കൾ ജ്ഞാനമാർഗ്ഗമാണ് ശരിയെന്നു വാദിച്ചു. രാമാനുജനെപ്പോലെയും രാമാനന്ദനെപ്പോലെയുമുള്ള വേദാന്തികൾ ഭക്തിമാർഗ്ഗമാണ് അംഗീകരിച്ചത്. ആധുനികകാലത്ത് മഹാത്മാഗാന്ധി, ബാലഗംഗാധര തിലകൻ മുതലായ ആത്മീയവാദികളായ രാഷ്ട്രീയനേതാക്കന്മാർ കർമ്മമാർഗ്ഗത്തിനാണ് പ്രാധാന്യം നൽകിയത്.

## 6 പുരോഗമനവാദികളുടെ ആയുധം

വർണ്ണവ്യവസ്ഥയെ ന്യായീകരിക്കാനും സനാതനമാക്കാനും വെമ്പൽ കൊണ്ടു യാഥാസ്ഥിതികന്മാർക്കെന്നപോലെ തന്നെ വർണ്ണവ്യവസ്ഥയെയും ജാതിമേധാവിത്വത്തെയും എതിർത്ത സാമൂഹ്യപരിഷ്കർത്താക്കൾക്കും ഗീത പ്രചോദനം നൽകിയെന്നത് വിചിത്രമായി തോന്നാം. എന്നാൽ, അതിനുള്ള താത്വികമായ അടിസ്ഥാനവും ഗീതയിലടങ്ങിയിട്ടുണ്ട്. “ഈ കാണുന്ന സർവവും ദൈവമാണ് എന്നു കരുതി എന്നെ പ്രാപിക്കുന്ന മഹാത്മാക്കൾ അസാധാരണന്മാരാണെന്നും” [26] “എല്ലാ ജീവജാലങ്ങളിലും ഞാൻ ഒരുപോലെ വ്യാപിച്ചിരിക്കുന്നു; എനിക്കു പ്രിയനോ അപ്രിയനോ ആയി ആരുമില്ല; എന്നെ ഭക്തിയോടെ ഭജിക്കുന്നവരിലെല്ലാം ഞാൻ ഉണ്ട്” [27] എന്നും “നശ്വരങ്ങളായ സർവചരാചരങ്ങളിലും അനശ്വരനായ പരമേശ്വരൻ സമരൂപത്തിൽ സ്ഥിതിചെയ്യുന്നുണ്ടെ” [28] ന്നും “വൈവിധ്യപൂർണ്ണമായി സ്ഥിതിചെയ്യുന്ന വ്യത്യസ്തങ്ങളായ സർവചരാചരങ്ങളിലും ഏകമായ ബ്രഹ്മമാണുള്ളത്; ആ ഏകമായ ബ്രഹ്മത്തിന്റെ വിസ്താരങ്ങൾ, അല്ലെങ്കിൽ പ്രകടിതരൂപങ്ങൾ, മാത്രമാണ് സർവചരാചരങ്ങളും എന്നു മനസ്സിലാക്കുന്നവൻ ബ്രഹ്മത്തെ പ്രാപിക്കുന്നു” [29] എന്നും മറ്റുമുള്ള ഗീതാവചനങ്ങൾ നോക്കുക. “വിഭക്തങ്ങളായി കാണപ്പെടുന്ന സർവചരാചരങ്ങളിലും അവിഭക്തവും അനശ്വരവും ഏകവും ആയ ഒരു ഭാവം” [30] മാത്രമാണുള്ളതെങ്കിൽ സമുദായത്തിലെ നാലു വർണ്ണങ്ങളെ വ്യത്യസ്തങ്ങളായി കാണുന്നതിന് എന്തർത്ഥമാണുള്ളത്? പോരെങ്കിൽ, “സ്ത്രീകൾക്കും വൈശ്യന്മാർക്കും ശൂദ്രന്മാർക്കും മാത്രമല്ല, പാപയോനികളിൽ ജനിച്ചവർക്കു പോലും എന്നെ ആശ്രയിച്ചാൽ പരമമായ ലക്ഷ്യം പ്രാപിക്കാൻ കഴിയു” [31] മെന്ന് ശ്രീകൃഷ്ണൻ വ്യക്തമായിത്തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. എല്ലാ മനുഷ്യരിലും ഒരേ പരമാത്മാവാണ് പ്രശോഭിച്ചുകൊണ്ടിരിക്കുന്നതെങ്കിൽ പിന്നെ ജനങ്ങൾക്കിടയിലുള്ള എല്ലാത്തരം അസമത്വങ്ങളും അനീതിയാണെന്നു സമ്മതിക്കേണ്ടിവരും. എന്തെന്നാൽ, ഒരാൾ മറ്റൊരാളെ വേദനിപ്പിക്കുമ്പോൾ വാസ്തവത്തിൽ തന്നെത്തന്നെയാണ് വേദനിപ്പിക്കുന്നത്. തന്റെ ആത്മാവും അന്യന്റെ ആത്മാവും ഒന്നുതന്നെയാണെന്നു മനസ്സിലാക്കുന്നവൻ പരദ്രോഹത്തിനു മുതിരുകയില്ല.

മധ്യകാലത്തെ സാമൂഹ്യപരിവർത്തന പ്രക്രിയകളിൽ ഇത്തരം ആശയങ്ങൾ വഹിച്ച പങ്ക് ചെറുതൊന്നുമല്ല. എല്ലാ മനുഷ്യരും — ഹിന്ദുവും മുസൽമാനും ബ്രാഹ്മണൻ തൊട്ടു ചണ്ഡാളൻ വരെയുള്ള എല്ലാവരും — ദൈവത്തിനു മുമ്പിൽ സമന്മാരാണെന്നും അതുകൊണ്ട് യഥാർത്ഥ ദൈവഭക്തിയുള്ളവർ എല്ലാ മനുഷ്യരെയും സമന്മാരായി കണക്കാക്കണമെന്നും പ്രഖ്യാപിച്ചുകൊണ്ടാണ് രാമാനന്ദനുശേഷമുണ്ടായ ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ജാതിവ്യത്യാസങ്ങൾക്കും മതവ്യത്യാസങ്ങൾക്കുമെതിരായി പോരാടിയത്. ഭക്തിപ്രസ്ഥാനം മധ്യയുഗത്തിന്റെ അവസാനഘട്ടത്തിൽ ഫ്യൂഡലിസത്തിന്റെ അടിത്തറയിളക്കാൻ സഹായിച്ചതെങ്ങനെയെന്ന് നമുക്ക് പിന്നീട് പരിശോധിക്കാം. ഗാന്ധി, അരവിന്ദഘോഷ്, തിലകൻ മുതലായ ദേശീയനേതാക്കന്മാർ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി നടത്തിയ സമരത്തിൽ ഭഗവദ്ഗീത എത്ര സുശക്തമായ ഒരാത്മീയായുധമായിരുന്നു എന്നു നമുക്ക് കാണാം. കേരളത്തിൽ തന്നെ വേദാന്തവിശ്വാസിയായ ശ്രീനാരായണഗുരു ജാതിമേധാവിത്വത്തിനെതിരായി ഇളക്കിവിട്ട സാമൂഹ്യപരിഷ്കരണത്തിന്റെ കൊടുങ്കാറ്റ് എത്ര സുശക്തമായിരുന്നു എന്നത് സുവിദിതമാണല്ലോ.

ഇങ്ങനെ, സ്വാമി വിവേകാനന്ദന്റെ വാക്കുകളിൽ, “ഉപനിഷത്തുകളിൽ നിന്നു ശേഖരിച്ച ആത്മീയസത്യങ്ങളാകുന്ന പുഷ്പങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ട ഒരു പൂച്ചെണ്ട്” മാത്രമായിരുന്ന ഭഗവദ്ഗീത നൂറ്റാണ്ടുകളിലൂടെ വാടാതെ നിലനിന്നുവെന്നു മാത്രമല്ല, മധ്യയുഗത്തിലെയും ആധുനികകാലഘട്ടത്തിലെയും മതനേതാക്കന്മാർ, സാമൂഹ്യപരിഷ്കർത്താക്കൾ, രാഷ്ട്രീയനേതാക്കന്മാർ മുതലായവരുടെയെല്ലാം മേൽ ശക്തിയായ സ്വാധീനം ചെലുത്തുകയും ചെയ്തു.

---

26. ഭ. ഗീ. VII. 19.
27. സമോഹം സർവഭൂതേഷു ന മേ ദ്വേഷ്യോസ്തി ന പ്രിയഃ
    യേ ഭജന്തി തു മാം ഭക്ത്യാ മയി തേ തേഷു ചാപ്യഹം
    — ഭ. ഗീ. IX. 29.
28. ഭ. ഗീ. XIII. 27. 28.
29. യദാ ഭൂതപൃഥഗ്ഭാവമേകസ്ഥമനുപശ്യതി
    തത ഏവ ച വിസ്താരം ബ്രഹ്മ സംപദ്യതേ തദാ.
    — ഭ. ഗീ. XIII. 30.
30. സർവഭൂതേഷു യേനൈകം ഭാവമവ്യയമീക്ഷതേ
    അവിഭക്തം വിഭക്തേഷു തത്ജ്ഞാനം വിദ്ധി സാത്വികം
    — ഭ. ഗീ. XVIII 20.
31. മാം ഹി പാർത്ഥ വ്യപാശ്രിത്യ യേങ്കപി സ്യുഃ പാപയോനയഃ
    സ്ത്രീയോ വൈശ്യാസ്തഥാ ശൂദ്രാസ്തേ/പി യാന്തി പരാം ഗതിം.
    — ഭ. ഗീ. IX. 32.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10